ധാർമ്മിക ഔന്നത്യം മാത്രമല്ല ഗുണഭോക്താക്കളുടെ ബാഹുല്യവും താത്പര്യങ്ങളും സമരങ്ങളുടെ വിജയത്തിന് അത്യാവശ്യമാണെന്ന ദുരവസ്ഥ നിലനിൽക്കുന്നതായി

**സി.ആർ. പരമേശ്വരൻ**

# ധാർമ്മിക ഔന്നത്യം കൊണ്ട് സമരങ്ങൾ വിജയിക്കില്ല

**1.** ഒരു രാഷ്ട്രീയ സമരായുധമെന്ന നിലയിൽ ഉപവാസത്തിന് വായ്ത്തല നഷ്ടമായിക്കഴിഞ്ഞിട്ട് ഏറെ നാളായി. ഉപവാസത്തിലൂടെ ഒരാൾ മരണപ്പെടുന്നത് കൊളോണിയൽ ഭരണാധികാരികളുടെ പോലും മനസുകളെ സ്പർശിച്ചിരുന്നെങ്കിലും കാലാകാലങ്ങളായുള്ള ഉപയോഗത്തിലൂടെ നാടൻ ഭരണാധികാരികളുടെയും ജനങ്ങളുടെയും മനസ്സിനെ സ്പർശിക്കാൻ അതിന് കഴിയാതെയായി. ഭരണാധികാരികളുടെ ഇൻസെൻസിറ്റിവിറ്റിക്കൊപ്പം, സ്വാതന്ത്ര്യസമരകാലത്ത് ഉപയോഗിച്ചിരുന്ന എല്ലാ സമരങ്ങരൂപളേയും എല്ലാതരത്തിലുമുള്ള പ്രക്ഷോഭകരും വ്യഭിചരിക്കുന്നതും ഒരു സമരായുധമെന്ന നിലയിൽ ഉപവാസത്തിന്റെ മാറ്റുകുറയാൻ കാരണമായി. ഇത്തരത്തിലുള്ള മൂല്യശോഷണം സംശുദ്ധ ലക്ഷ്യങ്ങളുള്ള സത്യാഗ്രഹങ്ങളെപ്പോലും വിരുദ്ധമായി ബാധിക്കുന്നു.

ഇന്ന് ഭരണകൂടം നിരാഹാര സമരങ്ങൾക്കെതിരെ ബലാൽക്കാരവും പ്രയോഗിക്കുന്നു. അതിനാൽ സത്യാഗ്രഹ ലക്ഷ്യത്തിന്റെ ഉത്കൃഷ്ഠതയെക്കുറിച്ച് ഒരു സംശയവുമില്ലെങ്കിലും ഇറോം ശർമ്മിള നടത്തുന്നത് അക്ഷരാർത്ഥത്തിൽ ഒരു നിരാഹാര സമരമല്ല. ശർമ്മിളയുടെ ജീവൻ നിലനിർത്തുന്നതിനായി ഭരണകൂടം ബലാൽപോഷണം നൽകുന്നു. അങ്ങനെ ഭരണകൂടം ഒരു നിരാഹാരസമരമാകുന്നതിൽ നിന്നും ഷർമ്മിളയുടെ സമരത്തെ തടയുന്നു. ബ്രിട്ടീഷ് ഭരണാധികാരികളെ നേരിട്ട ഗാന്ധിക്ക് ഈ ദുരനുഭവമുണ്ടായിട്ടില്ല. ഈ അധികാര തന്ത്രത്തെ നേരിടാൻ പുതിയ നിരാഹാരസമര തന്ത്രങ്ങൾ ഉണ്ടാക്കാം. ഭരണകൂടം നിർബന്ധിത ഭോജനത്തിലൂടെ നിരാഹാര സമരത്തെ നേരിടുമ്പോൾ ഭരണകൂടത്തിന് കൈകാര്യം ചെയ്യാനാകാത്തവിധം എണ്ണത്തിൽ തുടർ സത്യാഗ്രഹികൾ ഉണ്ടാവുകയാകും ഒരു വഴി.


**2.** ഗാന്ധിജിയുടെ സങ്കൽപ്പത്തിലെ സത്യാഗ്രഹം ശത്രുവിനോടുള്ള യുദ്ധമോ ബ്ലാക്ക്മെയിലിംഗ് തന്ത്രമോ മാത്രമായിരുന്നില്ല. കെടുനീതി നടപ്പിലാക്കുന്ന എതിരാളിയുടെ ചെയ്തികളുടെ പോലും ഉത്തരവാദിത്വം ഒരു സഹജീവി എന്ന നിലയിൽ ഏറ്റെടുക്കുന്ന തരം ആത്മശുദ്ധീകരണം കൂടിയായിരുന്നു അത്. ഗാന്ധിജിയുടെ ജീവിതത്തിലെ 17 ഉപവാസ സമരങ്ങൾക്കും ഈ ധാർമ്മികത ഉണ്ടായിരുന്നു. ശരീരത്തെ കുരുതി കഴിച്ച് ആത്മാവിനെ ഉജ്ജ്വലമാക്കുന്ന ഗാന്ധിയൻ അർത്ഥത്തിലേക്ക് പിന്നീട് വളരെ കുറച്ച്പേരെ ഉയർന്നിട്ടുള്ളു.

**3.** ഒരു മഹായുദ്ധത്തിനുള്ളപോലുള്ള മാനസിക തയ്യാറെടുപ്പ്, തന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള വ്യക്തത, സമരം ഏത് പ്രശ്നത്തിന്റെ പേരിലാണോ ആ പ്രശ്നബാധിതരുടെ പങ്കാളിത്തം, സാമാന്യബുദ്ധിക്ക് നിരക്കുന്ന വിജയമെങ്കിലും കാണാതെ തിരിച്ചുപോകില്ലെന്ന ആത്മസമർപ്പണം മുതലായവ ഒരു സത്യാഗ്രഹ സമരത്തിന് മുമ്പ് സത്യാഗ്രഹി ഉറപ്പ് വരുത്തണം. ഈ അർത്ഥത്തിൽ വളരെ നല്ല ഒരു ലക്ഷ്യം മുൻനിർത്തിയായിരുന്നിട്ടും രാംദേവിന്റെ സത്യാഗ്രഹം ആഭാസകരമായിരുന്നു. പ്രപഞ്ച ചൈതന്യവുമായുള്ള നിശബ്ദവിനിമയമായിരുന്നു ഗാന്ധിജിക്ക് സത്യാഗ്രഹം. എന്നാൽ വായാടിയായ ഈ സന്യാസിയുടെ വായ ദിവസത്തിലെ 24 മണിക്കൂറും അടഞ്ഞിരുന്നില്ല. അയാൾ ഒരു ഭീരുവിനെപ്പോലെ പെരുമാറി ആ മഹത്തായ ലക്ഷ്യത്തെയും സമരരൂപത്തെയും അപമാനിക്കുകയായിരുന്നു.

മേധയുടെ സത്യാഗ്രഹം ഇക്കുറി എല്ലാ ധാർമ്മിക മാനദണ്ഡങ്ങളും പുലർത്തി വിജയം വരിച്ചു. രണ്ട് വ്യക്തിത്വങ്ങൾ തമ്മിലുള്ള വ്യത്യാസം മേധയും രാംദേവും തമ്മിലുണ്ട്. എന്നാൽ വിജയം കാണാതെ നിരുപാ

ധികം അവസാനിച്ച മേധയുടെ മുൻ ഉപവാസ സമരം ഗാന്ധിയൻ മാനദണ്ഡത്തിന് ഒപ്പം ഉയർന്നില്ല. ഒരാൾ നിരാഹാര സത്യാഗ്രഹത്തിന് തയ്യാറായിക്കഴിഞ്ഞാൽ അയാളുടെ ജീവൻ രക്ഷിക്കുക എന്നത് ഒരു സമരലക്ഷ്യമാകാൻ പാടില്ല. സമരം തുടങ്ങുന്നതിന് മുൻപ് ഇതേക്കുറിച്ചൊക്കെ അചഞ്ചലമായ ധാരണവേണം. അതില്ലെങ്കിൽ ഈ സമരരൂപം തിരഞ്ഞെടുക്കരുത്. മേധയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തി പറയട്ടെ, സത്യാഗ്രഹിയുടെ സഹനത്തിന്റെ പരിമിതി കൊണ്ടായാലും സത്യാഗ്രഹ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കേണ്ട പൊതുസമൂഹത്തിന്റെയും ഭരണാധികാരികളുടെയും ധാർമ്മിക പരിമിതികൊണ്ടായാലും നിരാഹാരസമരം ഇടയ്ക്ക് വച്ച് നിറുത്തേണ്ടിവരുന്ന തരത്തിലുള്ള യുദ്ധതന്ത്രത്തിലെ പാളിച്ച പാളിച്ചതന്നെയാണ്.

**4.** സത്യാഗ്രഹം എത്ര മഹത്തായ ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ളതാണെങ്കിലും സത്യാഗ്രഹി എത്ര ഉത്കൃഷ്ടം വ്യക്തിയായാലും ഉപവാസസമരത്തിന്റേയും ലക്ഷ്യം ജനമനസ്സുകളുടെ ഓഹരിയാണ്. എന്തെന്നാൽ ഭരണാധികാരി ഭയപ്പെടുന്നത് ജനമുന്നേറ്റത്തെ മാത്രമാണ്. ദേശീയസമരകാലത്തെ ഇലക്ട്രിഫൈഡ് ആയ ഒരു സാമൂഹികാന്തരീക്ഷം ഇന്നില്ല. ദീർഘകാല സമരങ്ങളിലൂടെ ഊതിക്കാച്ചിയെടുത്ത് ഗാന്ധിജി നേടിയെടുത്ത ദേശീയ - സാർവ്വദേശീയ അംഗീകാരം ഇന്നത്തെ പൊതുസമൂഹ നേതാക്കൾക്കുമില്ല. ആഗോളവത്കരണ കാലത്തെ കാതടപ്പിക്കുന്ന ആരവങ്ങൾക്കിടയിൽ ഒരല്പം ജനശ്രദ്ധ നേടിയെടുക്കുക ഏത് മഹാത്മാവിനും ബുദ്ധിമുട്ട് തന്നെയാണ്. അണ്ണാ ഹസാരെയുടെ സമരത്തിന്റെ തീമും സ്ഥലവും തന്ത്രപരമായി പ്രധാനമാകുന്നത് അങ്ങനെയാണ്. മധ്യവർഗ്ഗമാണ് ഇന്ന് രാജ്യത്തിന്റെ വിധാതാക്കൾ. അവർ ദൈനംദിനം നേരിടുന്ന അഴിമതി പോലെയുള്ള ഒരു വിപത്തിനെതിരായ സമരത്തോളം ചേരിനിവാസികളുടെ ദുരിതം അവർക്ക് പ്രധാനമല്ല. അത് അവരുടെ ജീവിതങ്ങളെ ബാധിക്കുന്നതല്ല. നിർഭാഗ്യവശാൽ ഇതിൽ നമ്മുടെ ധാർമ്മിക വിലയിരുത്തലല്ല നിയാമകമായിട്ടുള്ളത്.



**ആഗോളവത്കരണ കാലത്തെ കാതടപ്പിക്കുന്ന ആരവങ്ങൾക്കിടയിൽ ഒരല്പം ജനശ്രദ്ധ നേടിയെടുക്കുക ഏത് മഹാത്മാവിനും ബുദ്ധിമുട്ട് തന്നെയാണ്. മധ്യവർഗ്ഗമാണ് ഇന്ന് രാജ്യത്തിന്റെ വിധാതാക്കൾ. അവർ ദൈനംദിനം നേരിടുന്ന അഴിമതി പോലെയുള്ള ഒരു വിപത്തിനെതിരായ സമരത്തോളം ചേരിനിവാസികളുടെ ദുരിതം അവർക്ക് പ്രധാമല്ല. അത് അവരുടെ ജീവിതങ്ങളെ ബാധിക്കുന്നതല്ല. നിർഭാഗ്യവശാൽ ഇതിൽ നമ്മുടെ ധാർമ്മിക വിലയിരുത്തലല്ല നിയാമകമായിട്ടുള്ളത്**

ഹസാരെയുടെ സമരം ശ്രദ്ധേയമായതും ഭരണകൂടത്തെ അമ്പരിപ്പിച്ചതും ദൃശ്യമാധ്യമങ്ങളുടെ അകമഴിഞ്ഞ സഹായം കൊണ്ടുകൂടിയാണ് എന്നത് സത്യമാണ്. കാരണം ദൃശ്യമാധ്യമങ്ങൾ പുലരുന്നത് ബഹുകോടികൾ വരുന്ന ഇന്ത്യയിലെ മധ്യവർഗ്ഗത്തെ ഉപജീവിച്ചാണ്. സമരസ്ഥലവും പ്രധാനമാണ്. രാഷ്ട്രീയ ഭരണസിരാകേന്ദ്രത്തിൽ മധ്യവർഗ്ഗത്തിന്റെ അഭിരുചിക്കിണങ്ങിയ ഒരു സമരം കോടിക്കണക്കിന് വരുന്ന മധ്യവർഗ്ഗ ജനതയുടെ സ്വീകരണമുറികളിൽ ലൈവായി എത്തിയപ്പോൾ ഭരണകൂടം ഭയപ്പെട്ടു. ഈ സത്യം അറിയുന്നതുകൊണ്ടാണ് സർക്കാർ രാംദേവിനെ രാംലീല മൈതാനിയിൽ നിന്ന് നിർമ്മാർജ്ജനം ചെയ്തത്. ഹരിദ്വാറിൽ ആ സമരം ക്രമേണ കൊഴിഞ്ഞുപോയി. വളരെ മഹത്തായ ലക്ഷ്യത്തോടെ ഉത്തരാഖണ്ഡിൽ നടത്തിയ സ്വാമി നിഗമാനന്ദിന്റെ നിരാഹാര സമരം അദ്ദേഹം മരിക്കുന്നതുവരെ പൊതുസമൂഹത്തിന്റെയോ മാധ്യമങ്ങളുടെയോ ശ്രദ്ധയിൽപ്പെട്ടില്ല. ഒരുപക്ഷെ അണ്ണാഹസാരെ തന്റെ സമരം സ്വന്തം ഗ്രാമമായ ലൈഗാൻസിദ്ധിയിലാണ് നടത്തിയിരുന്നെങ്കിൽ അതിനും ഇതേ വിധിയുണ്ടാകുമായിരുന്നു. മധ്യവർഗ്ഗം self - centerd ആണ്. മധ്യവർഗ്ഗത്തിന്റെ അഭിരുചികളെയും നീതിബോധത്തേയും ഉണർത്താൻ പര്യാപ്തമായിട്ടില്ലെന്നതും രാജ്യത്തിന്റെ പ്രാന്തങ്ങളിൽ നടത്തപ്പെടുന്നു എന്നതുമാണ് ഇറോംഷർമ്മിളയുടെ സമരം ഇനിയും വിജയിക്കാത്തതിന് കാരണം. സമരം ജയിക്കണമെങ്കിൽ മാധ്യമങ്ങളുടെ അനുഗ്രഹത്തോടെ ഡൽഹിയിൽ തന്നെ നടക്കണമെന്നത് ഒരു അസംബന്ധ യാഥാർത്ഥ്യമാണ്. നമ്മുടെ ധാർമ്മിക ഔന്നത്യം കൊണ്ട് മാത്രം സമരങ്ങൾ വിജയിക്കില്ല, ഗുണഭോക്താക്കളുടെ ബാഹുല്യവും താത്പര്യങ്ങളും അതിന് അത്യാവശ്യമാണ്. ഇത് ദുരവസ്ഥ തന്നെ.

**5.** മേധയുടെ സമരവും ഹസാരേയുടെ സമരവും പരസ്പര വിരുദ്ധമായി കാണേണ്ടതില്ല. ഒരു സമരം വിശാലമായ പൊതുസമൂഹത്തിന്റെ താത്പര്യങ്ങളോടിണങ്ങി, സമരതന്ത്രങ്ങളുടെ മെച്ചം കൊണ്ട് വിജയിക്കുന്നു എന്നതിനർത്ഥം അത് ഒരു ലോ പ്രൊഫൈൽ ധാർമ്മിക സമരത്തിന് എതിരാണെന്നല്ല. എല്ലാ ധാർമ്മിക സമരങ്ങളും ഏതെങ്കിലും ആളവിൽ വിജയിക്കുന്നത് നല്ലതാണ്. ഏത് പരാജയങ്ങളും നമ്മെ നിരാശപ്പെടുത്തും.

**6.** പൊതുസമൂഹ പ്രതിനിധികൾ ഭരണകൈമാറ്റമൊന്നുമല്ല ആവശ്യപ്പെടുന്നത്. കൂടിയാലോചനകളും ചർച്ചകളും മാത്രമാണ്. പൊതുസമൂഹമുന്നേറ്റത്തിന്റെ ശത്രുക്കൾ എല്ലായിടത്തുമുണ്ട്. ഇതേവരെ ജനാധിപത്യത്തിൽ വിശ്വസിക്കാത്ത, ജനാധിപത്യം ആചരിക്കാത്ത ശക്തികൾ എത്രപെട്ടെന്നാണ് ജനാധിപത്യവാദികളായത്. മാവോയിസ്റ്റുകളും മതതീവ്രവാദികളും

കമ്മ്യൂണിസ്റ്റുകളും പോലും ക്രമം, ജനപ്രതിനിധിസഭ, ജനങ്ങളുടെ പ്രതിനിധികൾ, due process of law, അധികാരം, സർക്കാർ, രാഷ്ട്രീയം, രാഷ്ട്രീയക്കാർ എന്നിവരെയൊക്കെ മഹത്വവത്കരിക്കാൻ തുടങ്ങി. നിലവിലുള്ള ജനാധിപത്യതത്വങ്ങൾ എന്താണ്? അത്ര മഹനീയമാണോ? നമ്മുടെ നിയമനിർമ്മാണസഭകളിൽ ജനാധിപത്യം ഇന്നും നാമമാത്രമാണ്. ജനം എന്ന കഴുതയ്ക്ക് ഏറിയാൽ കൈവരുന്ന ഏറ്റവും വലിയ അധികാരം അഞ്ച് വർഷം കൂടുമ്പോൾ ഒരു ചൂഷകനെ തൊഴിച്ച്മാറ്റി മറ്റൊരു ചൂഷകനെ അവരോധിക്കാനുള്ള അധികാരമാണ്. ജനങ്ങളുടെ gullibility (വഞ്ചിതരാകാനുള്ള പ്രവണത) ഉപയോഗിച്ച് ക്രിമിനലുകളും വർഗ്ഗീയഭ്രാന്തന്മാരും കോർപറേറ്റ് കങ്കാണികളും നിയമസഭകളിൽ എത്തുന്നു. 60 വർഷമായിട്ടും പരിപക്വമാകാത്ത ഭരണഘടനയേയും അടിസ്ഥാന ജനതയേയും അവഹേളിക്കുന്ന നമ്മുടെ നാമമാത്രമായ ജനാധിപത്യം ഒരു ബഹുമാനവും അർഹിക്കുന്നില്ല. രാഷ്ട്രീയം തെമ്മാടികളുടെ അവസാനത്തെ അഭയസ്ഥാനമാണെന്ന് ഒരു ചിന്ത


The New Indian Express

World

LOSS TO THE NATION

₹1760000000000

A Raja deprived govt of this much money in 2G spectrum allocation: CAG report

**പൊതുസമൂഹ പ്രതിനിധികൾ ആവശ്യപ്പെടുന്നത് പലതും നടക്കാനിടയില്ല. പക്ഷെ സർക്കാരും ഹസാരെ സംഘവും തല്ലിപരിഞ്ഞാലും സുദീർഘമായ പ്രക്രിയയിൽ സമൃദ്ധമായ കൂടിയാലോചനകളും മാധ്യമചർച്ചകളും ജനകീയ ചർച്ചകളും നടക്കും. ഭരണകൂടത്തിന് ജനങ്ങളുടെ മുന്നിൽ വെട്ടപ്പെടേണ്ടിവരും. വിവരാവകാശ നിയമം പോലെയല്ലെങ്കിലും ഫലവത്തായ ഒരു നിയമനിർമ്മാണത്തിന് വഴങ്ങേണ്ടിവരും**

കൻ പറഞ്ഞത് ഇന്ത്യൻ ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം ന്യൂനോക്തിയാണ്. രാഷ്ട്രീയം എന്ന പേരിൽ അറിയപ്പെടുന്ന ഈ പാർലിമെന്ററി അരാഷ്ട്രീയതയെ തുറന്നുകാട്ടുകയാണ് ബുദ്ധിജീവികൾ ചെയ്യേണ്ടത്. നമ്മുടേത് ഒരു പ്രാതിനിധ്യ ജനാധിപത്യം മാത്രമല്ല, പങ്കാളിത്ത ജനാധിപത്യം കൂടിയാണ്. അതിനാൽ പൊതുസമൂഹ പ്രവർത്തകർ മാത്രമല്ല, ഓരോ വോട്ടറും രാഷ്ട്രീയം പറയാൻ അർഹരാണ്. ഇത് മനസിലാകാതെ പേരുകേട്ട ഇടതു - ലിബറൽ ബുദ്ധിജീവികൾ പോലും പൊതുസമൂഹമുന്നേറ്റങ്ങളെ അരാഷ്ട്രീയമെന്ന് അപഹസിക്കുന്നു. കേരളത്തിലെ പൊതുസമൂഹത്തെ ചുട്ടുതിന്ന ഇടതുകൾ ഉൾപ്പെടുന്ന രാഷ്ട്രീയ ചിന്തകരാണ് ഇക്കാര്യത്തിൽ ഏറ്റവും വാചാലരായിട്ടുള്ളത്. ഇന്ത്യൻ ഹൃദയമറിയാത്ത, ഇളിഭ്യച്ചിരിചിരിക്കുന്ന രാഷ്ട്രീയസമൂഹ പ്രതിനിധികളായ ഇക്കൂട്ടരെ മാവോ പറഞ്ഞതുപോലെ 'പണ്ഡിതമൂഢരാ'യി അവഗണിക്കണം. ചിരകാലമായി ഇവിടത്തെ സമൂഹം ഇടതുഷണ്ഡീകരണത്തിന് വിധേയമായി കഴിഞ്ഞു എന്നതുകൊണ്ടാണ് ഹസാരെയുടെ പ്രസ്ഥാനം കേരളത്തിൽ ഒരു ചലനവുമുണ്ടാക്കാതിരുന്നത്.

**7.** ലോക്പാൽ നിയമം ഇനിയും എത്രയോ കടമ്പകൾ കടന്നാണ് പ്രാവർത്തികമാകേണ്ടത്. അത് നിയമമാകുന്നതിന് മുമ്പുള്ള ഒരോ ഘട്ടത്തിലും അതിന്റെ സത്ത ഊറ്റിക്കളയാനും അതിനെ കൊല്ലാനും ഭരണകൂടവും വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളും ക്രിമനലുകളുടെ പ്രാതിനിധ്യം വഹിക്കുന്ന പാർലമെന്റും ശ്രമിക്കുമെന്നത് തീർച്ചയാണ്. ജനങ്ങൾക്ക് പ്രധാനപ്പെട്ടതും താത്പര്യമുള്ളതുമായ ഒരു വിഷയം നിരന്തര സംഘർഷത്തിലൂടെയും സമരങ്ങളിലൂടെയും ജനശ്രദ്ധയിൽ സജീവമായി നിർത്താം എന്നതാണ് പൊതുസമൂഹ പ്രാതിനിധ്യം കൊണ്ടുണ്ടാകുന്ന മെച്ചം . രാഷ്ട്രീയക്കാരുടെ നിലപാടുകളുടെ ചതി അപ്പപ്പോൾ ജനങ്ങളുടെ മുന്നിലെത്തിക്കാൻ കഴിയും.

**8.** ഉദാത്തങ്ങൾ സംസാരിച്ച്, സാങ്കേതികതത്വങ്ങൾകൊണ്ട് നിയമങ്ങളുടെ വായ്ത്തല നശിപ്പിക്കുക എന്നതാണ് ഭരണകൂടങ്ങളുടെ രീതി. പൊതുസമൂഹം ഒറ്റയ്ക്കൊരു അധികാരസ്ഥാപനമാകുന്നില്ല. ഭരണകൂടസ്ഥാപനങ്ങളുടെയും മാധ്യമങ്ങളുടെയും തിരുത്തൽ ശക്തിയാകാൻ മാത്രമേ പൊതുസമൂഹ പ്രവർത്തകർക്ക് കഴിയൂ. അതിനാൽ സാങ്കേതികമായി മികവുറ്റ നിയമത്തിന്റെ കരട് ഉണ്ടാക്കാൻ പ്രാപ്തിയുള്ള പൊതുസമൂഹ പ്രതിനിധികൾ ഉണ്ടാകുന്നത് എന്തുകൊണ്ടും നല്ലതാണ്. ഭരണകൂടം ഇത് അംഗീകരിക്കാൻ ഇടയില്ല. എന്നാൽ ജനങ്ങൾക്ക് അഭികാമ്യമായതിനെ തിരസ്കരിച്ച്, ജനോപകാര നാട്യം മാത്രമുള്ള ഒരു നിയമം കൊണ്ടുവരുന്നതിലെ ഭരണകൂട വഞ്ചനയെ വെളിപ്പെടുത്താൻ സാങ്കേതിക മികവുള്ള പൊതുസമൂഹത്തിന്റെ പ്രതിനിധികൾ സഹായകമാകും. പൊതുസമൂഹ പ്രതിനിധികൾ ആവശ്യപ്പെടുന്നത് പലതും നടക്കാനിടയില്ല. പക്ഷെ സർക്കാരും ഹസാരെ സംഘവും തല്ലി പരിഞ്ഞാലും സുദീർഘമായ പ്രക്രിയയിൽ സമൃദ്ധമായ കൂടിയാലോചനകളും മാധ്യമചർച്ചകളും ജനകീയ ചർച്ചകളും നടക്കും. ഭരണകൂടത്തിന് ജനങ്ങളുടെ മുന്നിൽ വെട്ടപ്പെടേണ്ടിവരും. വിവരാവകാശ നിയമം പോലെയല്ലെങ്കിലും ഫലവത്തായ ഒരു നിയമനിർമ്മാണത്തിന് വഴങ്ങേണ്ടിവരും. അഴിമതി രാജ്യത്തിന്റെ മുന്നിൽ ഏറ്റവും പ്രധാനപ്പെട്ട ചർച്ചാവിഷയമാകുന്നത് തന്നെ അതുകൊണ്ട് വലിയ കാര്യമാണ്.

**9.** തീർച്ചയായും. എത്ര ഉദാത്തമായ, ഫലപ്രദമായ നിയമങ്ങളുണ്ടായാലും ജനാധിപത്യബോധവും നീതിബോധവുമുള്ള ഒരു സമൂഹത്തിൽ മാത്രമെ അത് പ്രാവർത്തികമാകൂ. അത്തരം ജനാധിപത്യ മൂല്യങ്ങൾ സുശക്തമാക്കുന്ന സംവിധാനം വളർന്നുവരാൻ വളരെ വൈകി.